(ബി) ഉണ്ടെങ്കിൽ അതു സംബന്ധിച്ച് എന്ത് നടപടി സ്വീകരിച്ചെന്ന് വ്യക്തമാക്കുമോ?

തൊഴിൽവകുപ്പുമന്ത്രി (ശ്രീ. കെ. ശിവദാസൻ):

(എ) ഉണ്ട്.

(ബി) ഇതു സംബന്ധിച്ച് ഗവൺമെൻറ് ബന്ധപ്പെട്ട കക്ഷികളുമായി പലവട്ടം ചർച്ചകൾ നടത്തുകയുണ്ടായി.

കെ. എസ്. ആർ. ടി. സി. ഷെഡ്യൂളുകൾ

*91 [93] ശ്രീ. വി. കെ. രാജൻ:
,, കെ. ടി. കുമാരൻ:
,, പി. കുമാരൻ:
,, കെ. വി. സുരേന്ദ്രനാഥ്:
,, കെ. പി. പ്രഭാകരൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗതവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ. എസ്. ആർ. ടി. സി.യുടെ കീഴിൽ ഇപ്പോൾ പ്രവർത്തിച്ചുവരുന്ന ഷെഡ്യൂളുകൾ എത്ര;

(ബി) 1985–87 ൽ ഈ ഷെഡ്യൂളുകളിൽ എന്തെങ്കിലും മാറ്റം വരുത്താൻ ഉദ്ദേശിക്കുന്നുണ്ടോ;

(സി) ഉണ്ടെങ്കിൽ അതിന്റെ മാനദണ്ഡമെന്താണെന്ന് വ്യക്തമാക്കാമോ?

ഗതാഗതവകുപ്പുമന്ത്രി (ശ്രീ. പി. കെ. വേലായുധൻ):

(എ) 3102.

(ബി) ഉണ്ട്.

(സി) ബസ്സുകളുടെയും സ്റ്റാഫിന്റെയും ഉപയോഗം (Utilisation) വർദ്ധിപ്പിക്കുക എന്നതാണ് ഇതിന്റെ മാനദണ്ഡം.

തൊഴിൽരഹിത കുടുംബങ്ങൾ

*92 [94] ശ്രീ. എം. എം. ഹസ്സൻ
,, കെ. കെ. തോമസ്:
,, കെ. എസ്. നാരായണൻ നമ്പൂതിരി:
,, കെ. കെ. ശ്രീനിവാസൻ:
,, പന്തളം സുധാകരൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1985 ഏപ്രിലിൽ നടന്ന ഐ. ആർ. ഡി. പി. സർവ്വേ പ്രകാരം എത്ര തൊഴിൽരഹിത കുടുംബങ്ങൾ സംസ്ഥാനത്തുണ്ട്;

LIBRARY ARCHIVES Kerala Legislative Assembly

(ബി) 1985–86 വർഷത്തിൽ എത്ര കുടുംബങ്ങൾക്ക് തൊഴിലിന് ധനസഹായവും വായ്പയും നൽകി;

(സി) ഓരോ ജില്ലയിലും എത്രവീതം നൽകി?

(ഡി) പ്രധാനമായും ഏതെല്ലാം തൊഴിലുകൾക്കാണ് ധനസഹായം നൽകിയത്?

ഗ്രാമവികസനവകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല):

(എ) സർവേ പ്രകാരം ദാരിദ്ര്യരേഖയ്ക്ക് താഴെ ജീവിക്കുന്ന 15,80,116 കുടുംബങ്ങളാണ് ഉണ്ട്.

(ബി) 71,376 കുടുംബങ്ങൾക്ക്.

(സി) ഓരോ ജില്ലയിലും നൽകിയ കുടുംബങ്ങളുടെ എണ്ണം താഴെ ചേർക്കുന്നു.

ജില്ല	രണ്ടാമതു ലഭിച്ച കുടുംബങ്ങൾ	സഹായധനം പുതിയ കുടുംബങ്ങൾ	ആകെ
തിരുവനന്തപുരം	3184	1992	4176
കൊല്ലം	2707	2583	5200
പത്തനംതിട്ട	2458	1236	3694
ആലപ്പുഴ	3154	2700	5953
കോട്ടയം	2871	2642	5513
ഇടുക്കി	1876	1865	3763
എറണാകുളം	3611	4306	7017
തൃശ്ശൂർ	5057	3543	8610
പാലക്കാട്	2815	2904	5718
മലപ്പുറം	4513	2372	6885
കോഴിക്കോട്	3084	2483	5547
വയനാട്	820	670	1490
കണ്ണൂർ	2736	1800	4548
കാസർകോട്	1391	900	2291
ആകെ	39272	32104	70405

(ഡി) കൃഷി, മൃഗസംരക്ഷണം, മൽസ്യബന്ധനം എന്നിവയോടനുബന്ധിച്ച പ്രവർത്തനങ്ങൾക്കും കരകൗശലം കുടിൽവ്യവസായം തുടങ്ങിയയൂണിറ്റുകൾക്കും ചെറുകിട ബിസിനസ്, കച്ചവടം എന്നിതൊഴിലുകൾക്കും സഹായം നൽകിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly